"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.സ്വാതി കേശവ്. ന് കെ.എസ്.ആർ. ഭാഗം I. അനുബന്ധം XII ബി പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1301/2023/LSGD തീയതി,തിരുവനന്തപുരം. 22-06-2023

പരാമർശം:-

1. ശ്രീ.സ്വാതി കേശവ്-ന്റെ 02.05.2023 തീയതിയിലെ ശൂന്യവേതനാവധിയപേക്ഷ.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.06.2023 ലെ LSGD/PD/38716/2023-DEC3 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിൽ 01.03.2023 തീയതി മുതൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.സ്വാതി കേശവ് സിവിൽ സർവ്വീസ് കോച്ചിംഗ് പൂർത്തിയാക്കുന്നതിനായി 06.06.2023 മുതൽ 31.12.2023വരെ (208 ദിവസം) കെ എസ് ആർ ഭാഗം 1 അനുബന്ധം 12 ബി പ്രകാരം ശൂന്യവേതനാവധിക്കായി സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള അപേക്ഷ പരാമർശം (2) പ്രകാരം തദ്ദേശസ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.സ്വാതി കേശവിന് സിവിൽ സർവ്വീസ് കോച്ചിംഗ് പൂർത്തിയാക്കുന്നതിനായി 06.06.2023 മുതൽ 30.12.2023 വരെ (31.12.2023 പിൻചേർത്ത്) കെ എസ് ആർ ഭാഗം 1, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടിസെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ. തദ്ദേശസ്വയം ഭരണവകുപ്പ് . തിരുവനന്തപുരം.
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ. തിരുവനന്തപുരം ( തദ്ദേശസ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
3. സെക്രട്ടറി, കരകുളം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
4. ധനകാര്യവകുപ്പ് (13.06.2023ലെ ഇ-2465654/ധെവ-1/99/2023-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)
5. ശ്രീ.സ്വാതി കേശവ്. ക്ലാർക്ക്, കരകുളം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം (തദ്ദേശസ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6. ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

8. ഓഫീസ് പകർപ്പ്/കരുതൽ ഫയൽ. (EPA1/88/2023-LSGD നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Danuja M S
Date: 23-06-2023 14:19:58